(ബി) നിലവിലുള്ള നിയമപ്രകാരം ജനറൽ എക്സിക്യൂട്ടീവ് വിഭാഗത്തിൽ മൂന്നു വർഷം പൂർത്തിയാക്കിയ കോൺസ്റ്റബിൾമാരിൽ എച്ച്. സി. ടെസ്റ്റ് എഴുതാൻ താൽപര്യമുള്ളവരുടെ സമ്മതപത്രം സ്വീകരിച്ച് അവരെ ടെസ്റ്റ് എഴുതാൻ അനുവദിക്കുകയും, പ്രസ്തുത ടെസ്റ്റിൽ വിജയിക്കുന്നവരെ സീനിയോരിറ്റി പ്രകാരം ഒഴിവുകൾ വരുന്ന മുറയ്ക്ക് ഹെഡ് കോൺസ്റ്റബിൾ തസ്തികയിലേക്ക് പ്രൊമോട്ടു ചെയ്യുകയുമാണ് ചെയ്തു വരുന്നത്. ഇതിന് എത്ര വർഷമെടുക്കുമെന്ന് മുൻകൂട്ടി കണക്കാക്കുവാൻ സാധിക്കുകയില്ല.

(സി) ബറ്റാലിയനിൽ റിക്യൂട്ട് ചെയ്യപ്പെടുന്ന കോൺസ്റ്റബിൾ ഒൻപതു മാസത്തെ പരിശീലനം കഴിക്കണം. പരിശീലനം പൂർത്തിയാക്കിയ കോൺസ്റ്റബിൾമാരിൽ ഹവിൽദാരായി പ്രൊമോഷൻ ആഗ്രഹിക്കുന്നവരുടെ സമ്മതപത്രം വാങ്ങി അവരെ ടെസ്റ്റ് എഴുതാൻ അനുവദിക്കുകയും, അതിൽ വിജയിക്കുന്നവരിൽ നിന്ന് സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ഒഴിവുള്ള ഹവിൽദാർ തസ്തികയിൽ പ്രൊമോഷൻ നൽകുകയാണ് ചെയ്തു വരുന്നത്. ഇതിൽ എത്ര വർഷം എടുക്കുമെന്ന് മുൻകൂട്ടി കണക്കാക്കുവാൻ സാധിക്കുകയില്ല.

(ഡി) ബറ്റാലിയനിലെ കോൺസ്റ്റബിളിനും ജനറൽ എക്സിക്യൂട്ടീവിലെ കോൺസ്റ്റബിളിനും ശമ്പള സ്കെയിൽ ഒന്നാണ്. അതുപോലെ ബറ്റാലിയനിലെ ഹവിൽദാറിനും ജനറൽ എക്സിക്യൂട്ടീവിലെ ഹെഡ് കോൺസ്റ്റബിളിനും ശമ്പള സ്കെയിൽ ഒന്നാണ്.

(ഇ) പോലീസ് വകുപ്പിൽ എല്ലാ വിഭാഗങ്ങളിലെ സമാന തസ്തികകളിലും ഒരേ ശമ്പള സ്കെയിലാണ് നൽകി വരുന്നത്. കൂടാതെ പോലീസ് കോൺസ്റ്റബിൾമാർ ബറ്റാലിയനിൽ നിന്നും ആംഡ് റിസർവിലേക്കും അവിടെ നിന്നും ലോക്കൽ പോലീസിലേക്കും മാറിപ്പോകുന്നത് സ്വന്തം സമ്മതപ്രകാരം സീനിയോരിറ്റിയുടെ അടിസ്ഥാനത്തിലാണ്. ആയതിനാൽ ലോക്കൽ പോലീസിലെ കോൺസ്റ്റബിളിനും ഹെഡ് കോൺസ്റ്റബിളിനും പ്രത്യേക ശമ്പളസ്കെയിൽ അനുവദിക്കണമെന്നകാര്യം പരിഗണനാർഹമല്ല.

പോലീസ് വകുപ്പിൽ സീനിയോരിറ്റി സംബന്ധിച്ചുള്ള കേസ്

105 (3295) ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പോലീസിൽ സായുധസേന വിഭാഗത്തിൽ സീനിയോറിറ്റി സംബന്ധിച്ചുള്ള കേസ് നിലവിലുണ്ടോ ;

(ബി) ഈ കേസിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ ;

(സി) സർക്കാരിനോട് മറുപടി ഫയൽ ചെയ്യാൻ ഉത്തരവ് ഉണ്ടായിരുന്നുവോ ;

(ഡി) എങ്കിൽ മറുപടി സമർപ്പിച്ചിട്ടുണ്ടോ ; വിശദ വിവരം നല്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സീനിയോറിറ്റി സംബന്ധിച്ച് കേസുകൾ നിലവിലുണ്ട്.

(ബി) ഈ കേസ്സുകളിൽ ഒരെണ്ണം ഒഴികെ മറ്റെല്ലാ കേസുകളിലും കോടതിയിൽ വാദം നടന്നുവരികയാണ്.

(സി & ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

മൊബൈൽ ഫോണിൽ സംസാരിച്ചുകൊണ്ട് വാഹനം ഓടിക്കുന്നത് തടയാൻ നടപടി

106 (3296) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൊബൈൽ ഫോണിൽ സംസാരിച്ചുകൊണ്ട് വാഹനം ഓടിക്കുന്നത് സംസ്ഥാനത്ത് നിരോധിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്നു മുതലാണ് നിരോധിച്ചിട്ടുള്ളത് ;

(സി) ഏതെങ്കിലും ജില്ലയിൽ മാത്രമായി ഈ നിരോധനം നടപ്പിലാക്കിയിട്ടുണ്ടോ ;

(ഡി) മൊബൈൽ ഫോണിൽ സംസാരിച്ചുകൊണ്ടു വാഹനം ഓടിച്ച എത്ര സംഭവങ്ങൾ ഇതുവരെ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; എത്ര പേരെ ശിക്ഷിച്ചിട്ടുണ്ട് ;

(ഇ) സംസ്ഥാനം മുഴുവൻ ഈ നിരോധനം കർശനമായി നടപ്പിൽവരുത്തുമോ ?

ഉത്തരം

(എ-ഇ) നിരോധിച്ചിട്ടില്ല, എന്നാൽ വാഹനാപകടങ്ങൾക്കു കാരണമാകുംവിധം ഡ്രൈവിംഗിൽ ശ്രദ്ധ കേന്ദ്രീകരിക്കാതെ മൊബൈൽ ഫോൺ ഉപയോഗിക്കുന്ന പ്രവണത തിരുത്തപ്പെടേണ്ടതാണ്.

എ.എസ്.ഐ മാരെ തരംതാഴ്ത്തിയ നടപടി

107 (3297) ശ്രീ. കെ. പി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽ പോലീസ് വകുപ്പിൽ നാൽപ്പത്തിരണ്ടോളം എ.എസ്.ഐമാരെ തരം താഴ്ത്തുകയും തരം താഴ്ത്തപ്പെട്ടവരുടെ ജൂനിയർ ആയിട്ടുള്ളവരെ പ്രമോട്ടു ചെയ്യുകയും ചെയ്ത നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനെതിരെ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) 12-8-1996-ൽ ഉത്തരവായ ബി.എ. 7277/95 കേസിൽ തരം താഴ്ത്തൽ പാടില്ലെന്ന് സുപ്രീം കോടതി പറഞ്ഞിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly